കൊല്ലം, കോട്ടയം എന്നീ ജില്ലകളിൽ മൂന്ന് യാചകമന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ മന്ദിരങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 100 രൂപ സംരക്ഷണ ചെലവായി നൽകിവരുന്നു. യാചകമന്ദിരങ്ങളിലെ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്ന ഒരു കേന്ദ്ര ധനസഹായ പദ്ധതി നിലവിലുണ്ട്. കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാചകരുടെ പുനരധിവാസത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

(സി) കോടതികളിൽനിന്നും ശിക്ഷിച്ചയയ്ക്കുന്ന യാചകരെ താമസിപ്പിക്കുന്നതിന് സർക്കാർ വക സ്ഥാപനങ്ങൾ ഇല്ല. എന്നാൽ വിചാരണയിലുള്ള യാചകരെ താമസിപ്പിക്കാൻ തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിലെ യാചക മന്ദിരങ്ങളിൽ സൗകര്യമുണ്ട്.

(ഡി) സംസ്ഥാനത്തൊട്ടാകെ ബാധകമാകുന്ന ഒരു ഏകീകൃത യാചക നിരോധന നിയമം രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ടി തയ്യാറാക്കിയ കരടു നിർദ്ദേശം നിയമ വകുപ്പിന്റെ പരിഗണനയിലാണ്.

28 (*308) അന്വേഷണ കമ്മീഷനുകൾ

ശ്രീ. എം.എ. തോമസ് :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മീഷൻ ഓഫ് ഇൻക്വയറീസ് ആക്ടനുസരിച്ച് ഈ സർക്കാർ എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം കമ്മീഷനുകളുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്;

(സി) ഇതിൽ ഏതെല്ലാം റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചു;

(ഡി) ഈ സർക്കാരിന് സമർപ്പിച്ച ഓരോ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുമോ;

(ഇ) ഏതെല്ലാം കമ്മീഷനുകളുടെ കാലാവധിയാണ് നീട്ടികൊടുത്തിട്ടുള്ളതെന്ന് പറയാമോ;

(എഫ്) ജസ്റ്റീസ് ശ്രീ. വി. ശിവരാമൻ നായർ കമ്മീഷൻ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ജി) ഏതൊക്കെ അന്വേഷണ കമ്മീഷനുകളാണ് ഇനി റിപ്പോർട്ട് സമർപ്പിക്കുവാൻ കാലാവധി കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 5 (അഞ്ച്) അന്വേഷണ കമ്മീഷനുകൾ.

(ബി) താഴെ പറയുന്ന കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. കൊച്ചിയിലെ വനിതാപോലീസ് സ്റ്റേഷനിൽവച്ച് അഡ്വ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.വി. സ്നേഹദേവനെതിരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തെക്കുറിച്ച് അന്വേഷിച്ച ശ്രീ. കെ. സുധാകരൻ കമ്മിഷൻ എം.എൽ.എ.മാരായ സർവ്വശ്രീ. അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർക്കു നേരെ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് ബലപ്രയോഗത്തേയും കോട്ടയത്തേയും തിരുവനന്തപുരത്തേയും ഡി.സി.സി. ആഫീസുകളിൽ നടന്നതായി ആരോപിക്കപ്പെട്ട പോലീസ് അതിക്രമത്തേയുംകുറിച്ച് അന്വേഷിച്ച ശ്രീ. കെ.പി. നാരായണൻ നായർ കമ്മിഷൻ, ബ്രഹ്മപുരം ഡീസൽ വൈദ്യുതി നിലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിച്ച ശ്രീ. ജസ്റ്റീസ് വി. ഭാസ്കരൻ നമ്പ്യാർ കമ്മിഷൻ.

(സി) മുകളിൽ പറഞ്ഞ കമ്മിഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയിലുണ്ടായ സ്ഫോടനത്തെയും തീപിടുത്തത്തെയും കുറിച്ച് അന്വേഷിച്ച ശ്രീ. ആർ. രാജേന്ദ്രബാബു കമ്മീഷൻ, വിഴിഞ്ഞം കലാപങ്ങളെക്കുറിച്ച് അന്വേഷിച്ച ശ്രീ. ആർ. ഗോപാലകൃഷ്ണപിള്ള കമ്മിഷൻ എന്നിവയുടേതൊഴികെ ഈ സർക്കാരിന് ലഭിച്ച ഓരോ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റുകൾ സഹിതം റിപ്പോർട്ടുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതാണ്. ശ്രീ. ഗോപാലകൃഷ്ണപിള്ള കമ്മിഷൻ റിപ്പോർട്ടും ശ്രീ. രാജേന്ദ്രബാബു കമ്മിഷൻ റിപ്പോർട്ടും സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) കമ്മിഷനുകൾ അഭ്യർത്ഥിക്കുന്ന പ്രകാരം അവയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാറുണ്ട്. ഇപ്രകാരം എല്ലാ കമ്മിഷനുകളുടെയും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ശ്രീ. ജസ്റ്റീസ് വി. ശിവരാമൻ നായരുടെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിന്റെ സ്ഥാനത്ത് നിയമിക്കപ്പെട്ട ശ്രീ. ജസ്റ്റീസ് വി. ഭാസ്കരൻ നമ്പ്യാർ കമ്മിഷന്റെ റിപ്പോർട്ട് 11.4.99-ൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സ്റ്റേറ്റുമെന്റ് സഹിതം റിപ്പോർട്ട് ഇതിനകം തന്നെ നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുള്ളതാണ്.

(ജി) റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി കഴിഞ്ഞ അന്വേഷണ കമ്മീഷനുകൾ ഒന്നുംതന്നെ നിലവിലില്ല.

29 (*309) പരമ്പരാഗത ചികിത്സാരീതികൾ

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്താർബുദം, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്ക് കേരളത്തിലെ വനങ്ങളിൽനിന്നും ലഭ്യമാക്കുന്ന പച്ചില മരുന്നുകൊണ്ട് ആദിവാസികൾ നടത്തുന്ന പരമ്പരാഗത ചികിത്സാരീതികൾ ഫലവത്താണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിലെ ആദിവാസികൾക്കിടയിലെ പരമ്പരാഗത ചികിത്സാ രീതിയെക്കുറിച്ച് പഠനം നടത്തുന്നകാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly